# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 23-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 2433

### എമർജിംഗ് കേരള

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) 'എമർജിംഗ് കേരള'യുടെ ഭാഗമായി കേരളത്തിൽ നാളിതുവരെ എത്ര പദ്ധതികൾ രജിസ്റ്റർ ചെയ്തു ; രജിസ്റ്റർ ചെയ്ത കമ്പനികളുടെ വിശദാംശം നൽകുമോ ;<br><br>(ബി) രജിസ്റ്റർ ചെയ്ത പ്രോജക്ടുകളിൽ പ്രവർത്തനം ആരംഭിച്ചവയുടെ വിവരം ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ ? | (എ) & (ബി) എമർജിംഗ് കേരളയിൽ വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതികളിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു<br><br>Gateway Distriparks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു. കോട്ടയത്തെ കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപാദനം 09/09/2013 ൽ ആരംഭിച്ചു. എ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള (വിവിധ ഘട്ടങ്ങളിൽ പ്ലാൻ ചെയ്യുന്ന) ബയോ നൂട്ര പാർക്കിന്റെ<br><br>ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകാണ്ടിരിക്കുന്നു.<br><br>കൂടാതെ 12000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ട് 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തുകയുണ്ടായി. |

ടൂറിസം വകുപ്പിന് കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. ബി.പി.സി.എൽ. കൊച്ചിയിൽ നടപ്പാക്കുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭ ത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികാണ്. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, കേരള ത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോമോട്ടീവ് ടെക്നോള ജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കു കയാണ്.

ഭക്ഷ്യ സംസ്ക്കരണം, ബയോ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തി യായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്ത പുരത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ. മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം.

| SL. No. | PROJECT | Company / Promoter |
|---|---|---|
| 1 | Kochi Refinery Expansion Project | BPCL |
| 2 | Petrochemical JV Projects of BPCl | JV with suitable partner (in talks with Manali Petrochemicals, Chennai) |
| 3 | Poly Is Butylene (PICB) Project | Kothari Petrochemicals, Chennai |
| 4 | Cumene Plant | Deepak Nitrite Ltd., (DNL) Vadodara |
| 5 | EPDM Rubber Project | Duncan Goenka Group |
| 6 | Eco-friendly Gypsum based new generati building material manufacturing unit | Ajith Carbons & Pigments Ltd (Jass Blocks & Coatings Ltd.) |
| 7 | Nano Biotech Special Economic Zone & Knowledge City | Pushpagiri Group of Institutions |
| 8 | Mini Food Par 9Bio Nutra Park) | Akay Flavours Group |
| 9 | Milk processing Plant | Muralya Dairy Product |
| 10 | Bio medical Devices Hub | Terumo Penpol, SCTIMST & HILL Lifecare Ltd. |
| 11 | Bio Similar Drug Manufacturing unit | Mir Group |
| 12 | HDPE Storage Tank manufacturing unit | Kelachandra Group |
| 13 | Pre-stressed& Pre-fabricated Housing Component | E-Cub Structural combines |
| 14 | Manufacture of Cellulose Nano fiber | Banana Fibril Ventures |
| 15 | Automatic Concrete Block Manufacturin Unite | Tasa Blocks & Tiles |
| 16 | Ready-to-Eat & Ready-to-Cook Food Ite | Chandrakanth Enterprises |
| 17 | Dairy farm & Meat processing unit | Idukki District Pravasi Co-operative Society |
| 18 | Animal husbandry, Agriculture & Floriculture Farms | Kamarudheen Aboobacker (Group of 25 NRIs fro Gulf) |
| 19 | Integrates Dairy Farm | Palmount Farms Idia Ltd. |